(എച്ച്) മിൽമയുടെ പാലിൽ വിഷാംശങ്ങൾ അടങ്ങിയിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല, കർണ്ണാടക, തമിഴ്നാട് എന്നീ അയൽ സംസ്ഥാനങ്ങളിലെ ക്ഷീര ഫെഡറേഷനുകളിൽ നിന്നും വാങ്ങുന്ന പാൽപ്പൊടി നിയമാനുസൃതമായി പാലിലെ എസ്. എൻ. എഫ്. നിലനിർത്തുന്നതിനുവേണ്ടി ചിലപ്പോൾ ചേർക്കാറുണ്ട്. പാലിന്റെ ഗുണമേൻമ മെച്ചപ്പെടുത്തുവാനായി ക്ഷീര വികസന വകുപ്പ് പ്രാഥമികസംഘം തലത്തിൽ 'ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം' നടത്തുകയും, മിൽമയും ഡയറികളിൽ പരിശോധന കാര്യക്ഷമവും കർശനമാക്കുകയും ചെയ്തിട്ടുണ്ട്.

മിൽമ നേരിടുന്ന പ്രതിസന്ധികൾ

101 [1110] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പ്രതിദിനം ആവശ്യം വരുന്ന പാലിന്റെ അളവ് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് അറിയിക്കാമോ;

(ബി) എത്ര ലിറ്റർ പാലാണ് മിൽമയുടെ വിതരണശൃംഖല വഴി വിറ്റഴിക്കപ്പെടുന്നത് എന്ന് അറിയിക്കാമോ;

(സി) ഡിസംബർ, ജനുവരി മാസങ്ങളിൽ മിൽമയുടെ പാൽ വിതരണത്തിൽ കുറവ് വന്നിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണം വിശദമാക്കാമോ;

(ഇ) മിൽമ മേഖലായൂണിയനുകൾ അന്യ സംസ്ഥാനങ്ങളിൽ നിന്ന് പാൽ സംഭരിക്കുന്നുണ്ടോ;

(എഫ്) ഇത്തരം പാൽ സംഭരണത്തിലൂടെ ഉണ്ടാകുന്ന നഷ്ടം നികത്താൻ എം. എഫ്. എൽ., എൻ. ഡി. ഡി. ബി. എന്നീ സ്ഥാപനങ്ങൾ ധനസഹായം നൽകാറുണ്ടോ;

(ജി) മിൽമയും ഇതര സ്ഥാപനങ്ങളുമായി എത്തിച്ചേർന്ന ധാരണകളിൽ ഇത്തരം സഹകരണം ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നോ?

ഉത്തരം

(എ) പ്രതീശീർഷ ഉപഭോഗം 200 ഗ്രാം പാൽ എന്ന തോതിൽ കണക്കാക്കുകയാണെങ്കിൽ പ്രതിദിനം ഉദ്ദേശം 50 ലക്ഷം ലിറ്റർ പാൽ ആവശ്യമാണ്.

(ബി) പ്രതിദിനം 7.26 ലക്ഷം ലിറ്റർ പാലാണ് വിപണനം ചെയ്യുന്നത്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) അന്യസംസ്ഥാനങ്ങളിൽ നിന്ന് പാൽ സംഭരിക്കുന്നതുമൂലം ഇപ്പോൾ നഷ്ടം ഉണ്ടാകുന്നില്ല. പാലിന്റെ അധിക ലഭ്യതയും കുറവും പരിഹരിക്കുന്നതിനുള്ള അവകാശം കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷനിൽ നിക്ഷിപ്തമായതുകൊണ്ട് അതിലൂടെ ഉണ്ടാകുന്ന ലാഭവും നഷ്ടവും മറ്റൊരു ഏജൻസിയിൽ നിന്നുള്ള ധനസഹായം കൊണ്ട് പരിഹരിക്കാവുന്നതല്ല.

(ജി) ഇല്ല.

പാലിൽ മായം കണ്ടുപിടിക്കാൻ നടപടി

102 [1111] ശ്രീ. അടൂർ പ്രകാശ്:
,, എൻ. ശക്തൻ:
,, ഇ. എം. അഗസ്തി:
,, ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ കച്ചവടക്കാർക്ക് ലൈസൻസ് ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ;

(ബി) ലൈസൻസ് ഏർപ്പെടുത്തുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം;

(സി) പാലിലെ മായം കണ്ടുപിടിക്കുന്നതിനുള്ള എത്ര പരിശോധനാ കേന്ദ്രങ്ങൾ സംസ്ഥാനത്തുണ്ട്;

(ഡി) ഓരോ ബ്ലോക്കിലും ഇത്തരം കേന്ദ്രങ്ങൾ സ്ഥാപിക്കുവാനുദ്ദേശമുണ്ടോ;

(ഇ) ഈ കേന്ദ്രങ്ങളിൽ മിൽകോ സ്കാൻ സ്ഥാപിക്കുന്നുണ്ടോ;

(എഫ്) ഒരു മിൽകോ സ്കാനിന് എന്ത് വില വരും;

(ജി) ഈ ഉപകരണത്തിന് പാലിലെ മായം കണ്ടെത്തുന്നതിനുള്ള കഴിവുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ എപ്രകാരമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉപഭോക്താക്കളുടെയും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്ഷീര കർഷകരുടേയും താൽപ്പര്യം സംരക്ഷിക്കപ്പെടും.

(സി) ആരോഗ്യവകുപ്പിന്റെ കീഴിലുള്ള പരിശോധനാ കേന്ദ്രങ്ങൾക്ക് പുറമേ ക്ഷീര വികസന വകുപ്പിന്റെ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന 14 ഗുണനിയന്ത്രണ ലബോറട്ടറികളിലും, ആലത്തൂർ ഡയറി ട്രെയിനിംഗ് സെന്ററിലും ഈ സംവിധാനം നിലവിലുണ്ട്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല. ആലത്തൂർ ഡയറി ട്രെയിനിംഗ് സെന്ററിൽ മാത്രം മിൽകോ സ്കാൻ ഉണ്ട്.

LIBRARY, ARCHIVES Kerala Legislative Assembly